Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

18th March 2017

അഞ്ച് ജില്ലകളിലെ 6 തദ്ദേശ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു.

ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി അഞ്ച് ജില്ലകളിലെ 6 തദ്ദേശ സ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി.

പത്തനംതിട്ട ആലപ്പുഴ മലപ്പുറം കണ്ണൂർ ജില്ലകളിലെ 4 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട നഗരസഭ വാർഡുകളിലുമാണ് വോട്ടർപട്ടിക പുതുക്കുന്നത്.

കരട് വോട്ടർപട്ടിക ബന്ധപ്പെട്ട പഞ്ചായത്ത് നഗരസഭാ താലൂക്ക് ഓഫീസുകളിലും പഞ്ചായത്തുകളുടേത് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിലെ പട്ടിക www.lsgelection.kerala.gov.in/eroll ൽ ലഭിക്കും. അപേക്ഷകളും ആക്ഷേപങ്ങളും ഏപ്രിൽ 1 വരെ ഓൺ ലൈനായി സമർപ്പിക്കാം. അവകാശവാദങ്ങളിന്മേൽ 10ന് തീർപ്പ് കൽപ്പിക്കുകയും 11ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2017 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ. പത്തനംതിട്ട- മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് - 09 കിഴക്കക്കര, പത്തനംതിട്ട നഗരസഭ- 21 കുമ്പഴ വെസ്റ്റ്, ആലപ്പുഴ- എഴുപുന്ന ഗ്രാമപഞ്ചായത്ത്- 16 കുമാരപുരം, മലപ്പുറം- ആലങ്കോട് ഗ്രാമപഞ്ചായത്ത്- 08 ചിയാന്നൂർ, കണ്ണൂർ- പായം ഗ്രാമപഞ്ചായത്ത്- 02 മട്ടിണി, കോഴിക്കോട്- പന്തലായനി ബ്ലോക്ക് പഞ്ചായത്ത്- 09 വെങ്ങളം- ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് - 9,10,11,14,15,16 വാർഡുകൾ.

(എസ്.ഇ.സി. 15/2017)

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

16th March 2017

മട്ടന്നൂർ നഗരസഭ വാർഡ് വിഭജനം കരട് വിജ്ഞാപനമായി

മട്ടന്നൂർ നഗരസഭയിലേക്ക് ഈ വർഷം നടത്തുന്ന പൊതുതെരഞ്ഞെടുപ്പിനു മുന്നോടിയായുള്ള വാർഡ് വിഭജന കരട് വിജ്ഞാപനം (മാർച്ച് 16-ന്) പ്രസിദ്ധീകരിച്ചതായി സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ ചെയർമാൻ വി.ഭാസ്കരൻ അറിയിച്ചു.ഡീലിമിറ്റേഷൻ കമ്മിഷൻ ചെയർമാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണറും അംഗങ്ങൾ പ്രിൻസിപ്പൽ സെക്രട്ടറിമാരായ ജെയിംസ് വർഗ്ഗീസ്, ഡോ.വി.വേണു, സെക്രട്ടറിമാരായ എ.പി.എം.മുഹമ്മദ് ഹനീഷ്, എ.ഷാജഹാൻ എന്നിവരുമാണ്.

വാർഡ് വിഭജനം സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഡീലിമിറ്റേഷൻ കമ്മിഷൻ സെക്രട്ടറിക്കോ കണ്ണൂർ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനോ (ജില്ലാ കളക്ടർ) നേരിട്ടോ രജിസ്റ്റേർഡ് തപാലിലോ മാർച്ച് 30 വൈകിട്ട് 5 മണിക്കകം സമർപ്പിക്കാം. വാർഡ് വിഭജനത്തിന്റെ കരട് മട്ടന്നൂർ നഗരസഭ ഓഫീസ് കണ്ണൂർ കളക്ട്രേറ്റ് ഡീലിമിറ്റേഷൻ കമ്മിഷൻ ഓഫീസ് **delimitation.lsgkerala.gov.in** എന്ന വെബ്സൈറ്റിലും ലഭിക്കും.

വിലാസം: സെക്രട്ടറി, സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം - 695 033, ഫോൺ 0471-2321053 ഇ-മെയിൽ statedelimcom@gmail.com

(എസ്.ഇ.സി. 14/2017)

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127
www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

27th February 2017

നാല് ജില്ലയിലെ 6 തദ്ദേശ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു.

ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി നാല് ജില്ലകളിലെ 6 തദ്ദേശ സ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി.

ത്യശൂർ, മലപ്പുറം, കോഴിക്കോട്, ജില്ലകളിലെ 3 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 3 മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിലുമാണ് വോട്ടർപട്ടിക പുതുക്കുന്നത്.

കരട് വോട്ടർപട്ടിക ബന്ധപ്പെട്ട പഞ്ചായത്ത്, നഗരസഭാ താലൂക്ക് ഓഫീസുകളിൽ ഫെബ്രുവരി 25ന് പ്രസിദ്ധീകരിച്ചു. കൂടാതെ പഞ്ചായത്തുകളുടേത് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിലവിലെ വോട്ടർപട്ടിക www.lsgelection.kerala.gov.in/eroll ൽ ലഭ്യമാണ്. അപേക്ഷകളും ആക്ഷേപങ്ങളും മാർച്ച് 16 വരെ ഓൺ ലൈനായി സമർപ്പിക്കാം. അവകാശവാദങ്ങളിന്മേൽ 25ന് തീർപ്പ് കൽപ്പിക്കുകയും 27ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2017 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ. ത്യശ്ശൂർ- വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്- 09 നടുവിക്കര വെസ്റ്റ്. മലപ്പുറം- കണ്ണമംഗലം ഗ്രാമപഞ്ചായത്ത്-01 ചെങ്ങാനി. കോഴിക്കോട് - ചെക്യാട് ഗ്രാമപഞ്ചായത്ത്-13 പാറക്കടവ്, ഫറോക്ക് മുനിസിപ്പാലിറ്റി- 38 ഇരിയംപാടം. കണ്ണൂർ-പയ്യന്നൂർ മുനിസിപ്പാലിറ്റി- 21 കണ്ടങ്കാളി നോർത്ത്, മട്ടന്നൂർ മുനിസിപ്പാലിറ്റി-16 ഉരുവച്ചാൽ.

(എസ്.ഇ.സി. 12/2017)

തദ്ദേശ ഭരണ തിരഞ്ഞെടുപ്പു കണക്ക് നൽകാത്തവർക്കെതിരെ നടപടി ഉടൻ

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് രണ്ടായിരത്തി പതിനഞ്ചിൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി മത്സരിച്ചവരിൽ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് നൽകാത്തവർക്കെതിരായുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. 5 വർഷത്തേക്ക് ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തിലെ അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിനോ അംഗമായി തുടരുന്നതിനോ അയോഗ്യരാക്കുന്നതാണ് നടപടി. മട്ടന്നൂർ നഗരസഭ ഒഴികെയുള്ള 1199 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതു തിരഞ്ഞെടുപ്പിൽ പതിനായിരത്തിലധികം പേരാണ് നിശ്ചിത സമയത്ത് കണക്കു നൽകാതിരുന്നത്. ഇവർക്ക് നോട്ടീസ് അയക്കുകയും കൈപ്പറ്റാത്തവരുടെ പേരിൽ പതിച്ചുനടത്തുന്നതുൾപ്പെടെ നടപടികൾ ഉടൻ പൂർത്തിയാകും. മത്സരിച്ച സ്ഥാനാർത്ഥിയും തിരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥിയും തിരഞ്ഞെടുപ്പു കണക്കുകൾ ബന്ധപ്പെട്ട ബി.ഡി.ഒ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ജില്ലാ കളക്ടർ എന്നിവർക്ക് സമർപ്പിക്കേണ്ടതായിരുന്നു. നാളിതുവരെ ചെലവുകണക്ക് നൽകുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെയാണ് നടപടി വരുക.

(എസ്.ഇ.സി. 13/2017)

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

22nd February 2017

ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് 7 യു.ഡി.എഫ് 3 കേരള കോൺ.1 വാർഡുകളിൽ വിജയിച്ചു.

ചൊവ്വാഴ്ച ഉപതിരഞ്ഞെടുപ്പ് നടന്ന പതിനൊന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിൽ എൽ.ഡി. എഫ് 7 ഉം യു.ഡി.എഫ് 3ഉം കേരള കോൺ.(എം)1 ഉം വാർഡുകളിൽ വിജയിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു.

എൽ.ഡി. എഫ് വിജയിച്ച ജില്ല, വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം, എന്ന ക്രമത്തിൽ.
തിരുവനന്തപുരം- പനവൂർ ഗ്രാമപഞ്ചായത്ത്- മിന്നിലം- ബി.സുലോചന- 256, കൊല്ലം- ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്- നെടുമ്പാറ- മൺസൂർ.ഐ- 163, എറണാകുളം- പാമ്പാക്കുട ഗ്രാമപഞ്ചായത്ത്- നെയ്ത്തുശാലപ്പടി- സാജു ജോർജ്- 97, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്- വാടാനപ്പള്ളി വെസ്റ്റ്- സി.വി.ആനന്ദൻ- 250, അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്- തെക്കേക്കര- സുനിത ഷാജു- 117, പുത്തൻ ചിറ ഗ്രാമപഞ്ചായത്ത്- പിണ്ടാണി- മഹേഷ് -13, മലപ്പുറം- അരീക്കോട് ഗ്രാമപഞ്ചായത്ത്- താഴത്തങ്ങാടി- കെ.രതീഷ്- 144 വോട്ടുകൾ.

യു.ഡി.എഫ്. കോട്ടയം- വിജയപുരം ഗ്രാമപഞ്ചായത്ത്- പെരിങ്ങള്ളൂർ- ജോർജ് എം ഫിലിപ്- 40, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ- മിഷൻ ക്വാർട്ടേഴ്സ്- ജോർജ് ചാണ്ടി- 986, വയനാട്- പനമരം ബ്ലോക്ക്പഞ്ചായത്ത്- പാക്കം- മണി ഇല്ലാമ്പത്ത്- 97 വോട്ടുകൾക്കു വിജയിച്ചു
കോട്ടയത്തെ പെരിങ്ങള്ളൂർ എൽ.ഡി. എഫിൽ നിന്നും യു.ഡി.എഫ് പിടിച്ചെടുത്തപ്പോൾ, മൂന്നിലവ് യു.ഡി. എഫിൽ നിന്നും ജോയി ജോസഫ് അമ്മിയാനിക്കൽ കേരള കോൺ.(എം) 50 വോട്ടുകളുടെ ഭൂരിപക്ഷത്തോടെ പിടിച്ചെടുത്തു.

(എസ്.ഇ.സി. 11/2017)

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

21st February 2017

ഉപതിരഞ്ഞെടുപ്പിൽ 77.69 ശതമാനം പോളിംഗ്

ചൊവ്വാഴ്ച ഉപതിരഞ്ഞെടുപ്പ് നടന്ന പതിനൊന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിൽ 77.69 ശതമാനം പേർ വോട്ടു രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. 22ന് രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

തിരഞ്ഞെടുപ്പു നടന്ന ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ്, വോട്ടിംഗ് ശതമാനം, വോട്ടെണ്ണൽ കേന്ദ്രം എന്ന ക്രമത്തിൽ. തിരുവനന്തപുരം-പനവൂർ ഗ്രാമപഞ്ചായത്ത്-മിന്നിലം- 79.81 -ഗ്രാമപഞ്ചായത്ത് മീറ്റിംഗ് ഹാൾ, കൊല്ലം- ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്-നെടുമ്പാറ- 77.66 -രാജീവ്ഗാന്ധി നിർമ്മാൺ കേന്ദ്രം, കോട്ടയം- മൂന്നിലവ് ഗ്രാമപഞ്ചായത്ത്- മൂന്നിലവ്- 86.38- ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ, വിജയപുരം ഗ്രാമപഞ്ചായത്ത്- പെരിങ്ങള്ളൂർ-80.15-ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, എറണാകുളം-പാമ്പാക്കുട ഗ്രാമപഞ്ചായത്ത്-നെയ്ത്തുശാലപ്പടി-84.94- ഗ്രാമപഞ്ചായത്ത് കാര്യാലയം, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ- മിഷൻ ക്വാർട്ടേഴ്സ്-58.72- മുനിസിപ്പൽ കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഓഫീസ്, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്-വാടാനപ്പള്ളി വെസ്റ്റ്-70.26- ഗ്രാമപഞ്ചായത്ത് കാര്യാലയം, അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്- തെക്കേക്കര-88.14- ഗ്രാമപഞ്ചായത്ത് കാര്യാലയം, പുത്തൻ ചിറ ഗ്രാമപഞ്ചായത്ത്- പിണ്ടാണി-81.91- ഗ്രാമപഞ്ചായത്ത് കാര്യാലയം, മലപ്പുറം- അരീക്കോട് ഗ്രാമപഞ്ചായത്ത്-താഴത്തങ്ങാടി-81.78- ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാൾ, വയനാട്-പനമരം ബ്ലോക്ക്പഞ്ചായത്ത്-പാക്കം-64.94 ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ .

(എസ്.ഇ.സി. 10/2017)

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

20th February 2017

11 തദ്ദേശ ഭരണ വാർഡുകളിൽ നാളെ ഉപതിരഞ്ഞെടുപ്പ്

പതിനൊന്ന് തദ്ദേശ സ്വയം ഭരണ വാർഡുകളിൽ നാളെ (ഫെബ്രുവരി 21) നടക്കുന്ന ഉപതിരഞ്ഞെടുപ്പിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. 6 ജില്ലകളിലെ 9 ഗ്രാമ പഞ്ചായത്ത് വാർഡുകളിലും തൃശൂർ കോർപ്പറേഷൻ വാർഡിലും പനമരം ബ്ലോക്ക് പഞ്ചായത്ത് വാർഡിലുമാണ് ഉപതിരഞ്ഞെടുപ്പു നടക്കുന്നത്. വോട്ടെടുപ്പ് രാവിലെ 7ന് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. 22ന് രാവിലെ 10 മണിക്കാകും വോട്ടെണ്ണൽ ആരംഭിക്കുക.

വോട്ട് ചെയ്യുന്നതിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പിനും ആറുമാസത്തിന് മുമ്പു നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാം.

തിരഞ്ഞെടുപ്പു നടക്കുന്ന ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം-പനവൂർ ഗ്രാമപഞ്ചായത്ത്-06 മിന്നിലം, കൊല്ലം- ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്-10 നെടുമ്പാറ, കോട്ടയം- മൂന്നിലവ് ഗ്രാമപഞ്ചായത്ത്-08 മൂന്നിലവ്, വിജയപുരം ഗ്രാമപഞ്ചായത്ത്-04 പെരിങ്ങള്ളൂർ, എറണാകുളം-പാമ്പാക്കുട ഗ്രാമപഞ്ചായത്ത്-01 നെയ്ത്തുശാലപ്പടി, തൃശ്ശൂർ- തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-23 മിഷൻ ക്വാർട്ടേഴ്സ്, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്-15 വാടാനപ്പള്ളി വെസ്റ്റ്, അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്-14 തെക്കേക്കര, പുത്തൻചിറ ഗ്രാമപഞ്ചായത്ത്-09 പിണ്ടാണി, മലപ്പുറം- അരീക്കോട് ഗ്രാമപഞ്ചായത്ത്-05 താഴത്തങ്ങാടി, വയനാട്-പനമരം ബ്ലോക്ക്പഞ്ചായത്ത്-02 പാക്കം.

(എസ്.ഇ.സി. 09/2017)

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

31st January 2017

വാച്ച്മാൻ – ഡെപ്യൂട്ടേഷന് അപേക്ഷിക്കാം

തിരുവനന്തപുരത്തെ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ ഓഫീസിൽ വാച്ച്മാന്റെ ഒരു ഒഴിവിലേക്ക് (രാത്രി സമയം) ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. സെക്രട്ടറിയേറ്റ് ഉൾപ്പെടെയുള്ള സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ സമാന തസ്തികകളിൽ ജോലി നോക്കുന്നവർക്ക് ഉചിത മാർഗേനെ ഫെബ്രുവരി 15നകം സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ ഓഫീസ് കോംപ്ലക്സ്, എൽ.എം.എസ്.ജംഗ്ഷൻ, തിരുവനന്തപുരം - 695 033 എന്ന വിലാസത്തിൽ അപേക്ഷിക്കാം.

(എസ്.ഇ.സി. 08/2017)

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

27th January 2017

11 തദ്ദേശസ്വയം ഭരണ വാർഡുകളിൽ ഫെബ്രുവരി 21ന് ഉപതിരഞ്ഞെടുപ്പ്

പതിനൊന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഫെബ്രുവരി 21ന് ഉപതിരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. 6 ജില്ലകളിലെ 9 ഗ്രാമപഞ്ചായത്ത് വാർഡുകളിലും തൃശൂർ കോർപ്പറേഷൻ വാർഡിലും പനമരം ബ്ലോക്ക്പഞ്ചായത്ത് വാർഡിലുമാണ് ഉപതിരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റച്ചട്ടം ജനുവരി 23ന് നിലവിൽ വന്നു. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 3. പത്രികകളുടെ സൂക്ഷ്മ പരിശോധന 4നും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 6മാണ്. വോട്ടെടുപ്പ് ഫെബ്രുവരി 21ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. 22ന് രാവിലെ 10 മണിക്ക് വോട്ടെണ്ണൽ.

ഉപതിരഞ്ഞെടുപ്പു നടക്കുന്ന ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം-പനവൂർ ഗ്രാമപഞ്ചായത്ത്-06 മിന്നിലം, കൊല്ലം- ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്-10 നെടുമ്പാറ, കോട്ടയം- മൂന്നിലവ് ഗ്രാമപഞ്ചായത്ത്-08 മൂന്നിലവ്, വിജയപുരം ഗ്രാമപഞ്ചായത്ത്-04 പെരിങ്ങള്ളൂർ, എറണാകുളം-പാമ്പാക്കുട ഗ്രാമപഞ്ചായത്ത്-01 നെയ്ത്തുശാലപ്പടി, തൃശ്ശൂർ- തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-23 മിഷൻ ക്വാർട്ടേഴ്സ്, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്-15 വാടാനപ്പള്ളി വെസ്റ്റ്, അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്-14 തെക്കേക്കര, പുത്തൻചിറ ഗ്രാമപഞ്ചായത്ത്-09 പിണ്ടാണി, മലപ്പുറം- അരീക്കോട് ഗ്രാമപഞ്ചായത്ത്-05 താഴത്തങ്ങാടി, വയനാട്-പനമരം ബ്ലോക്ക്പഞ്ചായത്ത്-02 പാക്കം.

(എസ്.ഇ.സി. 07/2017)

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

25th January 2017

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

അംഗത്തെ അയോഗ്യനാക്കി

കോട്ടയം തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് അംഗം കേരള കോൺ.എമ്മിലെ തോമസ് സേവിയർ എന്ന മോട്ടി മുല്ലശ്ശേരിയെ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യനാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം 2017 ജനുവരി 24 മുതൽ ആറു വർഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിൽ നിന്നുമാണ് വിലക്ക്.

രണ്ടായിരത്തി പതിനഞ്ച് ഡിസംബർ 3ന് സ്റ്റാന്റിംഗ് കമ്മിറ്റി ചയർമാൻ സ്ഥാനത്തേക്ക് നടന്ന തിരഞ്ഞടുപ്പിൽ കേരള കോൺ.എമ്മിലെ സ്ഥാനാർത്ഥിയെ അനുകൂലിക്കാൻ തീരുമാനിച്ചിരുന്നു. ഇതിന് വിപരീതമായി തോമസ് സേവിയർ എന്ന മോട്ടി മുല്ലശ്ശേരി വോട്ടിംഗിൽനിന്നും വിട്ടുനിന്നതിലൂടെ കേരള കോൺ.എമ്മിന്റെ ചെയർമാൻ സ്ഥാനാർത്ഥി പരാജയപ്പെട്ടു. കൂടാതെ കേരള കോൺ.നിന്നും വിജയിച്ച അദ്ദേഹം പാർട്ടി അംഗത്വം രാജിവെച്ചു. ഈ നടപടികൾക്ക് എതിരായി ജെയിംസ് ജോസഫ് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ നടപടി. 20 വാർഡുകളുള്ള തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ യൂ.ഡി.എഫിന് 7ഉം എൽ.ഡി.എഫിന് 10ഉം, ബി.ജെ.പിക്ക് 3ഉം അംഗങ്ങളാണ് ഉള്ളത്. ഹർജിക്കാരനു വേണ്ടി അഡ്വക്കേറ്റുമാരായ ഹാഷിംബാബു.എം, സജിത.എസ് എന്നിവർ ഹാജരായി.

(എസ്.ഇ.സി. 06/2017)

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

23rd January 2017

11 തദ്ദേശസ്വയം ഭരണ വാർഡുകളിൽ ഫെബ്രുവരി 21ന് ഉപതിരഞ്ഞെടുപ്പ്

പതിനൊന്ന് തദ്ദേശസ്വയം ഭരണ വാർഡുകളിൽ ഫെബ്രുവരി 21ന് ഉപതിരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. 6 ജില്ലകളിലെ 9 ഗ്രാമപഞ്ചായത്ത് വാർഡുകളിലും തൃശൂർ കോർപ്പറേഷൻ വാർഡിലും പനമരം ബ്ലോക്ക്പഞ്ചായത്ത് വാർഡിലുമാണ് ഉപതിരഞ്ഞെടുപ്പ്. മാതൃകാപെരുമാറ്റച്ചട്ടം ജനുവരി 23ന് നിലവിൽ വന്നു. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 3. പത്രികകളുടെ സൂക്ഷ്മ പരിശോധന 4നും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 6മാണ്. വോട്ടെടുപ്പ് ഫെബ്രുവരി 21ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. 22ന് രാവിലെ 10 മണിക്ക് വോട്ടെണ്ണൽ.

ഉപതിരഞ്ഞെടുപ്പു നടക്കുന്ന ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനം, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം-പനവൂർ ഗ്രാമപഞ്ചായത്ത്-06 മിന്നിലം, കൊല്ലം- ആര്യങ്കാവ് ഗ്രാമപഞ്ചായത്ത്-10 നെടുമ്പാറ, കോട്ടയം- മൂന്നിലവ് ഗ്രാമപഞ്ചായത്ത്-08 മൂന്നിലവ്, വിജയപുരം ഗ്രാമപഞ്ചായത്ത്-04 പെരിങ്ങള്ളൂർ, എറണാകുളം-പാമ്പാക്കുട ഗ്രാമപഞ്ചായത്ത്-01 നെയ്ത്തുശാലപ്പടി, തൃശ്ശൂർ- തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-23 മിഷൻ ക്വാർട്ടേഴ്സ്, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്-15 വാടാനപ്പള്ളി വെസ്റ്റ്, അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്-14 തെക്കേക്കര, പുത്തൻചിറ ഗ്രാമപഞ്ചായത്ത്-09 പിണ്ടാണി, മലപ്പുറം- അരീക്കോട് ഗ്രാമപഞ്ചായത്ത്-05 താഴത്തങ്ങാടി, വയനാട്-പനമരം ബ്ലോക്ക്പഞ്ചായത്ത്-02 പാക്കം.

(എസ്.ഇ.സി. 05/2017)

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

16th January 2017

മുളവുക്കാട് ഗ്രാമപഞ്ചായത്ത് മുൻ അംഗത്തിന് അയോഗ്യത

കൂറുമാറിയതിന് എറണാകുളം മുളവുക്കാട് ഗ്രാമപഞ്ചായത്തിലെ മുൻ പഞ്ചായത്ത് അംഗം എൽ.ഡി.എഫിലെ വി.എസ്.അൻസാറിനെ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം 2017 ജനുവരി 13 മുതൽ ആറു വർഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിൽ നിന്നുമാണ് വിലക്ക്.

രണ്ടായിരത്തി പതിനാല് ഡിസംബർ 12ന് സ്വതന്ത്രന്റെ പിന്തുണയോടെ യൂ.ഡി.എഫ് കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തെ അനുകൂലിച്ചു. ഇതിനുശേഷം 2015 ജനുവരി 19ന് നടന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തിരഞ്ഞടുപ്പിൽ യൂ.ഡി.എഫ് പിന്തുണയോടെ വി.എസ്.അൻസാർ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. വിപ്പ് ലംഘിച്ചതിനെതിരേ എൽ.ഡി.എഫിലെ എം.ആർ.രാജീവ് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ നടപടി. 16 വാർഡുകളുള്ള മുളവുക്കാട് ഗ്രാമപഞ്ചായത്തിൽ യൂ.ഡി.എഫിന് 8ഉം എൽ.ഡി.എഫിന് 7ഉം, ഒരു സ്വതന്ത്രനുമായിരുന്നു അംഗങ്ങൾ.

(എസ്.ഇ.സി. 04/2017)

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

12th January 2017

ടൈപ്പിസ്റ്റ് : ഡെപ്യൂട്ടേഷന് അപേക്ഷ ക്ഷണിക്കുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻെറ തിരുവനന്തപുരം ഓഫീസിൽ ടൈപ്പിസ്റ്റ് തസ്തികയിലെ ഒരു ഒഴിവിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സംസ്ഥാന സർക്കാർ വകുപ്പുകൾ (സെക്രട്ടേറിയറ്റ് ഉൾപ്പെടെ), പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ഉചിത മാർഗ്ഗേനെ അപേക്ഷ സമർപ്പിക്കാം. അപേക്ഷകൾ 2017 ജനുവരി 31-നകം സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കോർപ്പറേഷൻ ഓഫീസ് കോംപ്ലക്സ്, എൽ.എം.എസ്.ജംഗ്ഷൻ, വികാസ്ഭവൻ.പി.ഒ, തിരുവനന്തപുരം, പിൻ-695033 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. (Autocad സോഫ്റ്റ് വെയറിലുള്ള പ്രാവീണ്യം അഭിലഷണീയം)

(എസ്.ഇ.സി. 03/2017)

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

5th January 2017

ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് 9
യു.ഡി.എഫ് 2 ബി.ജെ.പി 3 കേരള കോൺ.(എം) 1 വാർഡുകളിൽ വിജയിച്ചു.

ബുധനാഴ്ച ഉപതിരഞ്ഞെടുപ്പ് നടന്ന പതിനഞ്ച് തദ്ദേശ സ്വയംഭരണ വാർഡുകളിൽ എൽ.ഡി. എഫ് 9 ഉം യു.ഡി.എഫ് 2 ഉം ബി.ജെ.പി 3 ഉം കേരള കോൺ.(എം) 1 ഉം വാർഡുകളിൽ വിജയിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു.

എൽ.ഡി. എഫ് വിജയിച്ച ജില്ല, വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം, എന്ന ക്രമത്തിൽ. തിരുവനന്തപുരം -കരകുളം ഗ്രാമപഞ്ചായത്ത്-കാച്ചാണി-വികാസ്.ഡി-585, ആലപ്പുഴ-പുറക്കാട് ഗ്രാമപഞ്ചായത്ത്-ആനന്ദേശ്വരം-നിജ.അനിൽകുമാർ-223, കൈനകരി ഗ്രാമപഞ്ചായത്ത്-ചെറുകാലികായൽ- അനിത പ്രസാദ്-533, പാലക്കാട്- മങ്കര ഗ്രാമ പഞ്ചായത്ത്-മങ്കര ആർ.എസ്- ഷിബു.പി.കെ-31, കോഴിക്കോട്- തിരുവമ്പാടി ഗ്രാമപഞ്ചായത്ത്-മറിയപ്പുറം- റംല ചോലക്കൽ-424, കണ്ണൂർ- കണ്ണപുരം ഗ്രാമപഞ്ചായത്ത്- മൊട്ടമ്മൽ- യു.മോഹനൻ-462, ചെറുപുഴ ഗ്രാമപഞ്ചായത്ത്-രാജഗിരി- ലാലി തോമസ്-9, പിണറായി ഗ്രാമപഞ്ചായത്ത്-പടന്നക്കര- രമേശൻ.എൻ.വി-999. കാസർഗോഡ് -മീഞ്ച ഗ്രാമപഞ്ചായത്ത്-മജിബയൽ- പി.ശാന്ത രാമഷെട്ടി-133. കണ്ണൂർ- രാജഗിരി വാർഡ് യു.ഡി.എഫിൽ നിന്നും കാസർഗോഡ് മജിബയൽ ബി.ജെ.പി.യിൽ നിന്നും എൽ.ഡി.എഫ് പിടിച്ചെടുത്തു.

കൊല്ലം-മുനിസിപ്പൽ കോർപ്പറേഷൻ-തേവള്ളി- ഷൈലജ.ബി-400, പത്തനംതിട്ട-റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത്- കണ്ണങ്കര- തങ്കപ്പൻ പിള്ള-35, എറണാകുളം- കൂവപ്പടി ഗ്രാമപഞ്ചായത്ത്- കൂവപ്പടി സൗത്ത്- ഹരിദാസ് നാരായണൻ-70. എന്നീ സിറ്റിംഗ് സീറ്റുകൾ ബി.ജെ.പി നിലനിർത്തി.

പാലക്കാട്- കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത്-അമ്പാഴക്കോട്- ഗഫൂർ കോൽകളത്തിൽ-48, തെങ്കര ഗ്രാമപഞ്ചായത്ത്-പാഞ്ചക്കോട്-ഉഷ.സി-18 എന്നിവ എൽ.ഡി.എഫിൽ നിന്നും യു.ഡി.എഫ് പിടിച്ചെടുത്തു.

കോട്ടയം മുത്തോലി ഗ്രാമപഞ്ചായത്തിലെ തെക്കുംമുറി വാർഡിൽ പി.ആർ.ശശി കേരള കോൺ.(എം) 71 വോട്ടുകൾക്ക് വിജയിച്ചു.

(എസ്.ഇ.സി. 02/2017)

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

4th January 2017

ഉപതിരഞ്ഞെടുപ്പിൽ 80.32 ശതമാനം പോളിംഗ്

ഉപതിരഞ്ഞെടുപ്പ് നടന്ന പതിനഞ്ച് തദ്ദേശ സ്വയംഭരണ വാർഡുകളിൽ 80.32 ശതമാനം പേർ വോട്ടു രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. വോട്ടെണ്ണൽ ഇന്ന് (ജനുവരി 5) രാവിലെ 10 ന് ആരംഭിക്കും.

തിരഞ്ഞെടുപ്പു നടന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം, വാർഡ്, വോട്ടിംഗ് ശതമാനം, വോട്ടെണ്ണൽ കേന്ദ്രം എന്ന ക്രമത്തിൽ. കരകുളം ഗ്രാമപഞ്ചായത്ത് - കാച്ചാണി - 74.32 പഞ്ചായത്ത് കോൺഫറൻസ് ഹാൾ, മുനിസിപ്പൽ കോർപ്പറേഷൻ - തേവള്ളി - 68.20 കോർപ്പറേഷനിലെ പ്രൈം മിനിസ്റ്റേഴ്സ് ആവാസ് യോജന ഓഫീസ്, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് - കണ്ണങ്കര - 73.21 എം.എസ്.ഹയർ സെക്കന്ററി സ്കൂൾ. പുറക്കാട് ഗ്രാമപഞ്ചായത്ത് - ആനന്ദേശ്വരം - 84.56 പഞ്ചായത്ത് ഓഫീസ്, കൈനകരി ഗ്രാമപഞ്ചായത്ത് - ചെറുകാലികായൽ - 83.12 പഞ്ചായത്ത് ഓഫീസ്, മുത്തോലി ഗ്രാമപഞ്ചായത്ത് - തെക്കുംമുറി - 77.90 പഞ്ചായത്ത് ഹാൾ, കൂവപ്പടി ഗ്രാമപഞ്ചായത്ത് - കൂവപ്പടി സൗത്ത് - 88.20 പഞ്ചായത്ത് ഓഫീസ്, കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് - അമ്പാഴക്കോട് - 81.65, പഞ്ചായത്ത് കോൺഫറൻസ് ഹാൾ, തെങ്കര ഗ്രാമപഞ്ചായത്ത് - പാഞ്ചക്കോട് - 85.85 പഞ്ചായത്ത് കോൺഫറൻസ് ഹാൾ, മങ്കര ഗ്രാമപഞ്ചായത്ത് - മങ്കര ആർ.എസ് - 74.05 പഞ്ചായത്ത് കോൺഫറൻസ് ഹാൾ, തിരുവമ്പാടി ഗ്രാമപഞ്ചായത്ത് - മറിയപ്പുറം - 81.55 സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്കൂൾ, കണ്ണപുരം ഗ്രാമപഞ്ചായത്ത് - മൊട്ടമ്മൽ - 80.48 പഞ്ചായത്ത് ഹാൾ, ചെറുപുഴ ഗ്രാമപഞ്ചായത്ത് - രാജഗിരി - 80.51 പഞ്ചായത്ത് ഹാൾ, പിണറായി ഗ്രാമപഞ്ചായത്ത് - പടന്നക്കര - 88.87 പഞ്ചായത്ത് ഹാൾ, മീഞ്ച ഗ്രാമപഞ്ചായത്ത് - മജിബയൽ - 82.55 പഞ്ചായത്ത് ഹാൾ.

(എസ്.ഇ.സി. 01/2017)